**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 176 | 17.12.2012-ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ ജയരാജ്<br>ശ്രീ.പി.സി. ജോർജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കമോ; | (എ) യും (ബി) യും | സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഫലപ്രദമായി തടയുന്നതിനായി പോലീസ് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും, തടയുന്നതിനുമായി സംസ്ഥാന പോലീസ് മേധാവിയുടെ മേൽ നോട്ടത്തിൽ ഒരു DySP യുടെ നേതൃത്വത്തിൽ ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ തിരുവനന്തപുരം പട്ടം ആസ്ഥാനമായി പ്രവർത്തിച്ചവരുന്നു. കേരളാ പോലീസ് സേനയിൽ കംപ്യൂട്ടർ പരിജ്ഞാനമുള്ള പോലീസ് ഉദ്യോഗസ്ഥന്മാർക്ക് തിരുവനന്തപുരത്ത് വെള്ളയമ്പലത്തുള്ള C- DAC ൽ നിന്നും സൈബർ ഫോറൻസിക്കിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരം പരിശീലനം ലഭിച്ചവരെ സൈബർ പോലീസ് സ്റ്റേഷനിലും പോലീസ് ഹൈടെക് ക്രൈം എൻക്വയറി സെല്ലിലും ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന സൈബർ സെല്ലുകളിലും നിയമിച്ചിട്ടുണ്ട്. ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന സൈബർ കേസുകൾക്ക് ജില്ലാ സൈബർ സെല്ലുകൾ സാങ്കേതിക സഹായം ചെയ്തു വരുന്നു. |
| (ബി) | ഇവ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കമോ; | | |

| | | | |
|---|---|---|---|
| | | | സങ്കീർണ്ണവും. സാങ്കേതിക വിദ്യ കൂടുതലായി ആവശ്യമുള്ളതുമായ കേസുകൾ അന്വേഷിക്കുന്നതിന് പോലീസ് ആസ്ഥാനത്ത് ഹൈടെക് ക്രൈം എൻക്വയറി സെൽ പ്രവർത്തിച്ചു വരുന്നു.<br>ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും, ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായി പത്ര – ദൃശ്യ മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. കൂടാതെ ജനമൈത്രി പോലീസ്, വിവിധ സന്നദ്ധ സംഘടനകൾ, അക്ഷയകേന്ദ്രങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവ മുഖേന സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ CERT ( Computer Emergency Response Team) സഹകരണത്തോടെ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ IT( Amendment) Act 2008 ലെ 66,67 വകുപ്പുകൾ പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമം 468, 471, 420 വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സൈബർ പോലീസിന്റെ സാങ്കേതികമേന്മ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ? | (സി) | സൈബർ പോലീസിന്റെ സാങ്കേതിക മേന്മ വർദ്ധിപ്പിക്കുന്നതിനായി പോലീസുദ്യോഗസ്ഥർക്ക് C- DAC, C- DIT എന്നിവിടങ്ങളിൽ നിന്നും സൈബർ ഫോറൻസിക്കിലും സൈബർ ടെക്നോളജിയിലും വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു. കൂടാതെ ആധുനിക സാങ്കേതികവിദ്യയും ഉപകരണങ്ങളും ലഭ്യമാകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ